സ്ഥാപിതം 1964

# സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004



സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക

Visit

Swathanthra Mandapam Online

www.swathanthramandapam.com


### മദ്യപിച്ച് വഴിയിൽ കിടന്നുറങ്ങിയ യുവാവ് കാർ കയറി മരിച്ചു



എറണാകുളം: പറവൂരിൽ മദ്യപിച്ച് വഴിയിൽ കിടന്ന യുവാവ് കാർ കയറി മരിച്ചു. പറവൂർ സ്റ്റേഡിയം റോഡ് സ്വദേശി പ്രേം കുമാർ(40) ആണ് മരിച്ചത്. ഇന്നലെ രാത്രിയാണ് സംഭവം. മദ്യപിച്ച് ബോധമില്ലാതെ വഴിയിൽ കിടന്നുറങ്ങുകയായിരുന്നു പ്രേംകുമാർ. റോഡിൽ പ്രേംകുമാർ കിടന്നുറങ്ങിയത് കണ്ടില്ലെന്നാണ് ടാക്സി ഡ്രൈവറുടെ മൊഴി. തലയിലൂടെ കാർ കയറി ഇറങ്ങിയതിനെ തുടർന്ന് ഗുരുതരപരുക്കാണ് സംഭവിച്ചത്. ഉടൻ തന്നെ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാൻ കഴിഞ്ഞില്ല. തലയ്ക്കേറ്റ പരുക്കും രക്തസ്രാവവുമാണ് മരണകാരണമെന്ന് അശുപത്രി അധികൃതർ അറിയിച്ചു . കാർഡ്രൈവർക്കെതിരെ നരഹത്യയ്ക്ക് കേസെടുത്തു.



# ഭാവിയിൽ ഒരു വനിതാ മുഖ്യമന്ത്രി വരും

## സിപിഎം വനിതകൾക്ക് പരിഗണന നൽകുന്ന പാർട്ടി



കൊല്ലം: ഭാവിയിൽ കേരളത്തിന് ഒരു വനിതാ മുഖ്യമന്ത്രി വരുമെന്ന് സിപിഎം കേന്ദ്ര കമ്മിറ്റി അംഗം കെകെ ശൈലജ.

വനിതകൾ മുഖ്യമന്ത്രിയാകുന്നതിന് സിപിഎം എതിരല്ല. വനിതകൾക്ക് എപ്പോഴും പരിഗണന നൽകുന്ന പാർട്ടിയാണ് സിപിഎമ്മെന്നും ശൈലജ വ്യക്തമാക്കി.

സ്ത്രീകൾ ലോകത്ത് 50 ശതമാനമുണ്ട്. സ്ത്രീ പ്രാതിനിധ്യം എല്ലാ മേഖലയിലും വർദ്ധിക്കണം. വനിതകൾ കൂടുതൽ വളർന്നുവരുന്നുണ്ട്. പാർട്ടിയിൽ വനിതാ പ്രാതിനിധ്യം വർദ്ധിച്ചുവരുന്നു. ഇനിയും വർദ്ധിക്കണം. ബ്രാഞ്ച് സെക്രട്ടറി മുതൽ ഏരിയ സെക്രട്ടറി വരെ വനിതകൾ ആയി. ഇനി ജില്ലാ സെക്രട്ടറിയായി വരും'- കെകെ ശൈലജ പറഞ്ഞു.

പാർട്ടി ജനറൽ സെക്രട്ടറിക്ക് വനിതയും പുരുഷനുമില്ലെന്ന് പിബി അംഗം വൃന്ദാ കാരാട്ട് പറഞ്ഞു.

പാർട്ടി കോൺഗ്രസ് തീരുമാനിക്കുന്നവരാണ് സെക്രട്ടറിയായി വരുന്നതെന്നും അവർ കൂട്ടിച്ചേർത്തു. ആശാ വർക്കർമാരുടെ സമരത്തെക്കുറിച്ചും വൃന്ദാ കാരാട്ട് പ്രതികരിച്ചു. ആശാ വർക്കർമാർക്ക് നീതി ലഭിക്കണം. അവരെ സ്ഥിരം തൊഴിലാളികളാക്കി മാറ്റണമെന്നതാണ് പാർട്ടി നിലപാട്. അവർക്ക് ന്യായമായ വേതനം ലഭിക്കണം.

അതേസമയം കേന്ദ്രാവിഷ്കരണ പദ്ധതിയാണ് ആശയെന്ന് മറന്നുപോകരുത്. കേന്ദ്രം സ്വീകരിക്കുന്ന നിഷേധാത്മക നിലപാടാണ് പ്രശ്നങ്ങൾക്ക് കാരണം. യാഥാർത്ഥ്യമറിയാതെയാണ് ഇവിടുത്തെ പ്രതിപക്ഷം സർക്കാരിനെ ആക്രമിക്കുന്നത്. എത്രയും പെട്ടന്ന് അവരുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടണമെന്നും വൃന്ദാ കൂട്ടിച്ചേർത്തു.

അതേസമയം, പ്രായപരിധി മാനദണ്ഡം നോക്കിയാൽ 75 കഴിഞ്ഞ വൃന്ദാ ഇക്കുറി പിബിയിൽ നിന്നൊഴിയേണ്ടിവരും. എന്നാൽ ഇളവ് നൽകി വൃന്ദയെ സിപിഎമ്മിന്റെ ആദ്യ വനിതാ ജനറൽ സെക്രട്ടറിയായി കൊണ്ടുവരണമെന്ന് ആഗ്രഹിക്കുന്നവരുണ്ട്.

## കഴിക്കാൻ പൊറോട്ടയും ചിക്കനും വേണം സാറെ എന്ന് അഫാൻ; വാങ്ങി കൊടുത്ത് പൊലീസ്

തിരു: വെഞ്ഞാറമൂട് കൂട്ടക്കൊലക്കേസ് പ്രതി അഫാനെ കൊലപാതകം നടന്ന വീടുകളിലെത്തിച്ചു തെളിവെടുപ്പ് നടത്തിയിരുന്നു. പാങ്ങോട് സൽമാ ബീവിയുടെ വീട്ടിലും അഫാന്റെ വെഞ്ഞാറമൂട് പേരുമലയിലെ വീട്ടിലും എത്തിച്ചാണ് പൊലീസ് തെളിവെടുപ്പു നടത്തിയത്. കൊലപാതകം നടന്ന ഫെബ്രുവരി 24ന് ശേഷം ആദ്യമായാണ് അഫാനെ ക്രൂരകൃത്യങ്ങൾ നടന്ന വീടുകളിൽ എത്തിച്ചത്.

അതേ സമയം അഫാൻ പാങ്ങോട് സ്റ്റേഷനിൽ ഭക്ഷണം കഴിക്കുന്നതിനു വിമുഖത പ്രകടിപ്പിച്ചു. ഭക്ഷണം കഴിക്കുന്നതിൽ എന്താണ് പ്രശ്നം എന്നു പൊലീസ് ചോദിച്ചപ്പോൾ താൻ വൈകിട്ട് പൊറോട്ടയും ചിക്കനും മാത്രമാണ് കഴിക്കുന്നതെന്നും മറ്റ് ഭക്ഷണങ്ങൾ കഴിക്കുന്നതിനു ബുദ്ധിമുട്ട് ഉണ്ടെന്നും പറഞ്ഞു. തുടർന്ന് അഫാന്റെ ഇഷ്ട ഭക്ഷണങ്ങൾ പൊലീസ് വാങ്ങി നൽകി. നേരത്തെ ഉച്ചയ്ക്ക് ഊണ് കഴിക്കാൻ മീൻകറി വേണമെന്ന് അഫാൻ ആവശ്യപ്പെട്ടിരുന്നു. രാത്രി കിടക്കുന്നതിനു വേണ്ടി പേപ്പറുകൾ നൽകിയിരുന്നു. തനിക്ക് വെറും തറയിൽ കിടക്കാൻ കഴിയില്ലെന്ന് പറഞ്ഞതിനെത്തുടർന്ന് പൊലീസ് സെല്ലിൽ കിടക്കുന്നതിനുള്ള പായ സംഘടിപ്പിച്ചു നൽകി.

തെളിവെടുപ്പ് പൂർത്തിയാക്കി അഫാനെ ജയിലിലേക്ക് മടക്കിയയച്ച ശേഷം വീണ്ടും പൊലീസ് കസ്റ്റഡിയിൽ വാങ്ങും. അഫാന്റെ മാനസിക നില വിശദമായി പരിശോധിക്കാനാണ് പൊലീസ് തീരുമാനം. വിദഗ്ധ ഡോക്ടർമാരുടെ സംഘത്തെ നൽകണമെന്ന് ആവശ്യപ്പെട്ട് പൊലീസ് ഡിഎംഒയ്ക്ക് ഉടൻ കത്തുനൽകും. ഡോക്ടർമാരുടെ സംഘത്തെ രൂപീകരിച്ചാൽ ഇക്കാര്യം കോടതിയിൽ അറിയിച്ച് അഫാനെ വീണ്ടും പുറത്തിറക്കാനാണ് പൊലീസ് തീരുമാനം.

## പൊലീസിനെ കണ്ടുഭയന്ന് എംഡിഎംഎ പൊതി വിഴുങ്ങിയ യുവാവ് ചികിത്സയിലിരിക്കെ മരിച്ചു


കോഴിക്കോട്: പൊലീസിനെ ഭയന്ന് കയ്യിലുണ്ടായിരുന്ന എംഡിഎംഎ പൊതി വിഴുങ്ങിയ യുവാവ് മരിച്ചു. കോഴിക്കോട് മൈക്കാവ് സ്വദേശി ഇയ്യാടൻ ഷാനിദാണ് മരിച്ചത്. പൊലീസിനെ കണ്ടതോടെ ഇയാൾ പൊതി വിഴുങ്ങുകയായിരുന്നു. വയറ്റിലായത് എംഡിഎംഎ ആണെന്ന് പ്രതി വെളിപ്പെടുത്തിയതോടെ പൊലീസുകാർ ഇയാളെ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. എൻഡോസ്കോപ്പി പരിശോധനയിൽ വയറ്റിൽ വെളുത്ത തരികൾ അടങ്ങിയ കവറുകൾ കണ്ടെത്തിയിരുന്നു.

ഇന്നലെയാണ് താമരശേരിയിൽ കയ്യിലൊരു പൊതിയുമായി ഷാനിദിനെ സംശയാസ്പദമായ രീതിയിൽ പൊലീസ് കാണുന്നത്. പൊലീസിനെ കണ്ടതോടെ ഓടാൻ ശ്രമിച്ച ഇയാൾ കയ്യിലുണ്ടായിരുന്ന പൊതി വിഴുങ്ങുകയും ചെയ്തു. പിന്നാലെ പൊലീസ് ഇയാളെ ഓടിച്ചിട്ട് പിടികൂടിയപ്പോഴാണ് എംഡിഎംഎ അടങ്ങിയ പൊതി വിഴുങ്ങിയ വിവരം പൊലീസിനോട് പറഞ്ഞത്. തുടർന്ന് പൊലീസ് ഇയാളെ താമരശേരി താലൂക്ക് ആശുപത്രിയിൽ പ്രവേശിപ്പിക്കുകയായിരുന്നു. ഡോക്ടർമാരുടെ നിർദേശപ്രകാരം പിന്നീട് കോഴിക്കോട് മെഡിക്കൽ കോളേജിലേയ്ക്ക് മാറ്റി. ഇവിടെ നടത്തിയ എൻഡോസ്കോപ്പി പരിശോധനയിൽ രണ്ട് പൊതികളാണ് കണ്ടെത്തിയത്. പൊതിക്കുള്ളിലുണ്ടായിരുന്ന വെളുത്ത തരികൾ എംഡിഎംഎ ആണെന്ന് സ്ഥിരീകരിച്ചു.

അതീവ ഗുരുതരാവസ്ഥയിൽ ചികിത്സയിലായിരുന്ന ഷാനിദ് രാവിലെയോടെ മരണപ്പെടുകയായിരുന്നു. കൂടുതൽ വിവരങ്ങൾ പോസ്റ്റുമോർട്ടത്തിനുശേഷം മാത്രമേ വ്യക്തമാവുകയുള്ളൂവെന്ന് പൊലീസ് അറിയിച്ചു.

ഇയാൾക്കെതിരെ പൊലീസ് എൻഡിപിഎസ് ആക്ട് പ്രകാരം കേസെടുത്തിരുന്നു. ഇതിനുമുൻപും ഇയാൾക്കെതിരെ ലഹരിക്കേസുകൾ ചുമത്തിയിട്ടുണ്ടെന്നും പൊലീസ് വ്യക്തമാക്കി.

## ആർക്കും പ്രായപരിധി ഇളവിന് നിർദേശമില്ല, മുഖ്യമന്ത്രിയുടെ കാര്യം തീരുമാനിക്കേണ്ടത് പിബി: ഐസക്



കൊല്ലം: ആർക്കും പ്രായപരിധിയിൽ ഇളവ് കൊടുക്കാൻ പാർട്ടിയിൽ നിർദേശമുണ്ടായിട്ടില്ലെന്ന് മുതിർന്ന സി.പി.എം നേതാവ് തോമസ് ഐസക്. അത്തരത്തിലുള്ള നിർദേശമൊന്നുമില്ലെന്നും മുഖ്യമന്ത്രിയുടേ കാര്യം പാർട്ടി കോൺഗ്രസിലും പൊളിറ്റ് ബ്യൂറോയിലും തീരുമാനിക്കേണ്ടതാണെന്നും തോമസ് ഐസക് പറഞ്ഞു.

ആർക്കും ഇളവ് കൊടുക്കാനുള്ള നിർദേശമില്ല. മുഖ്യമന്ത്രിയുടേത് പാർട്ടി കോൺഗ്രസിലും പൊളിറ്റ് ബ്യൂറോയിലും തീരുമാനിക്കേണ്ടതാണ്. അദ്ദേഹം ആ ഘടകത്തിൽ അംഗമാണ്. സംസ്ഥാനഘടകത്തിൽ ആർക്കും അത്തരത്തിൽ ഇളവ് ഉണ്ടാകില്ലെന്നത് പാർട്ടി സെക്രട്ടറി തന്നെ പ്രഖ്യാപിച്ചിട്ടുള്ളതാണ്. അതൊന്നും ആരും ചർച്ച ചെയ്യുന്നുമില്ല.-തോമസ് ഐസക് പറഞ്ഞു.

അതേസമയം സർക്കാരിലും പാർട്ടിയിലുമുള്ള പോരായ്മകൾ കണ്ടെത്തി തിരുത്താനുള്ള ശ്രമങ്ങളാണ് നടത്തുന്നതെന്നും ഐസക് പറഞ്ഞു. പോരായ്മകൾ കണ്ടെത്തി അത് തിരുത്താൻ സർക്കാരിൽ മാത്രമല്ല പാർട്ടിയിലും ഞങ്ങൾ ശ്രമിക്കുകയാണ്. ആ ശ്രമങ്ങൾ നല്ലതോതിൽ വിജയിക്കുന്നുമുണ്ട്. ഇപ്പോൾ പെൻഷൻ കുടിശ്ശികയൊന്നുമില്ലല്ലോ. എല്ലാം കൊടുത്തില്ലേ. ഇനി കൊടുക്കാനുണ്ടെങ്കിൽ അത് കൊടുക്കുകയും ചെയ്യും. കൂടുതൽ ജനോപകാരപ്രദമായ കാര്യങ്ങൾ ചെയ്ത് ഇടതുപക്ഷം വീണ്ടും കേരളത്തിൽ അധികാരത്തിൽ വരും-ഐസക് കൂട്ടിച്ചേർത്തു.

പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവത്കരിക്കാനുള്ള ഒരു ചർച്ചയുമില്ലെന്നും മുൻ ധനകാര്യമന്ത്രി വ്യക്തമാക്കി. എന്തുകൊണ്ടാണ് കിഫ്ബി ബദലല്ലെന്നു പറയുന്നത്. ഇന്ത്യയിൽ നിലവിലുള്ള നയങ്ങൾ പ്രകാരം പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കണമെങ്കിൽ കോർപ്പറേറ്റുകളെ ആശ്രയിച്ചേ പറ്റൂ. എന്നാൽ കിഫ്ബി വഴി ജനങ്ങളുടെ മേൽ ഭാരമേൽപ്പിക്കാതെ ഈ പശ്ചാത്തലസൗകര്യമൊരുക്കാൻ ഒരു പരിപാടിയുണ്ട്. അത് മോദിയുടെ കോർപ്പറേറ്റ് രീതിക്ക് ബദലായിട്ടുള്ള ഒന്നാണ്. അത് തടയാൻ വേണ്ടിയിട്ട് കേന്ദ്ര സർക്കാർ ചില നടപടികൾ സ്വീകരിക്കുന്നു. അതിനെ മറികടക്കാൻ വേണ്ടി നമ്മളും ബദൽ നീക്കങ്ങൾ നടത്തുന്നു. ഇത് കേന്ദ്രത്തിനെതിരായിട്ടുള്ള ഫൈറ്റിന്റെ ഭാഗമാണ്. - ഐസക് കൂട്ടിച്ചേർത്തു.

അന്ന് ഞാൻ പറഞ്ഞപ്പോൾ ഇതൊന്നും നടക്കാൻ പോകുന്ന കാര്യമല്ലെന്നാണ് കേന്ദ്ര സർക്കാരും കേരളത്തിലെ പ്രതിപക്ഷവും കരുതിയത്. എന്നാൽ ഇതെല്ലാം നടക്കുമെന്നും കേരളം മാറുമെന്നും കണ്ടുകഴിഞ്ഞപ്പോൾ തടയാനുള്ള നീക്കങ്ങളായി. ഇന്ത്യയിൽ ഇതിന് മുമ്പ് കേരളമടക്കമുള്ള സംസ്ഥാനങ്ങൾ ചെയ്തുവന്ന കാര്യമാണിത്. ആന്വിറ്റി അടിസ്ഥാനത്തിൽ പ്രോജക്ടുകൾ ചെയ്യുക. കേന്ദ്ര സർക്കാരും ചെയ്യുന്നതാണ്. നാഷണൽ ഹൈവേ അതോറിറ്റി വായ്പ എടുക്കുന്നതാണ്. എന്നാൽ അതിൽ നിന്നെല്ലാം വ്യത്യസ്തമായിട്ട് കിഫ്ബിയെടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാരിന്റെ വായ്പാ പരിധിയിൽ നിന്ന് കുറയ്ക്കും എന്ന നിലപാടെടുത്തു. അപ്പോൾ പുതിയ രീതികൾ വേണ്ടി വരും. അതിന്റെ ഭാഗമായി ടോൾ വെക്കുമ്പോൾ കേന്ദ്രത്തിന്റെ വാദം പൊളിഞ്ഞില്ലേയെന്നും അദ്ദേഹം ചോദിച്ചു.

## ഇസ്രയേൽ ടൂറിസ്റ്റിനെ കൂട്ടബലാത്സംഗം ചെയ്തവർ കനാലിലേക്ക് തള്ളിയിട്ട ഒരാൾ മുങ്ങിമരിച്ചു



ബെംഗളൂരു: കർണാടകയിൽ ഇരുപത്തേഴുകാരിയായ ഇസ്രയേൽ വിനോദ സഞ്ചാരിയേയും ഹോം സ്റ്റേ ഉടമസ്ഥയേയും കൂട്ട ബലാത്സംഗത്തിന് ഇരയാക്കിയ സംഭവത്തിൽ ഒരു മരണം. ഇവർക്കൊപ്പമുണ്ടായിരുന്ന ഒഡിഷ സ്വദേശി ബിബാഷാണ് മരിച്ചത്. ബിബാഷ് ഉൾപ്പെടെ 3 പേരെ കനാലിലേക്ക് തള്ളിയിട്ടാണ് മൂന്നംഗ സംഘം ഇസ്രയേൽ വിനോദ സഞ്ചാരിയേയും ഹോം സ്റ്റേ ഉടമസ്ഥയേയും ബലാത്സംഗത്തിന് ഇരയാക്കിയത്.

അമേരിക്കയിൽ നിന്നുള്ള ഡാനിയേൽ, മഹാരാഷ്ട്രക്കാരനായ പങ്കജ് എന്നിവർ കനാലിൽനിന്ന് നീന്തി രക്ഷപ്പെട്ടെങ്കിലും ബിബാഷ് മുങ്ങിപ്പോകുകയായിരുന്നു. തിരച്ചിലിനൊടുവിൽ ഇന്ന് രാവിലെയാണ് ബിബാഷിന്റെ മൃതദേഹം കണ്ടെത്തിയത്.

വ്യാഴാഴ്ച രാത്രി ബെംഗളൂരുവിൽനിന്ന് 350 കിലോമീറ്റർ അകലേയുള്ള കൊപ്പലിലാണ് സംഭവം. കൊപ്പലിലെ കനാലിന് അടുത്ത് രാത്രി 11.30–ന് നക്ഷത്രനിരീക്ഷണത്തിന് എത്തിയതായിരുന്നു 4ടൂറിസ്റ്റുകളും ഹോം സ്റ്റേ ഉടമസ്ഥയും. പ്രതികളെ തിരിച്ചറിഞ്ഞിട്ടുണ്ടെന്നും 2പ്രത്യേക സംഘങ്ങൾ കേസ് അന്വേഷിക്കുന്നുണ്ടെന്നും കൊപ്പൽ പോലീസ് സൂപ്രണ്ട് റാം എൽ അരസിദ്ദി വ്യക്തമാക്കി.

അത്താഴത്തിനുശേഷം താനും 4അതിഥികളും തുംഗഭദ്ര ലെഫ്റ്റ് ബാങ്ക് കനാലിന് അടുത്ത് നക്ഷത്രനിരീക്ഷണം നടത്തുന്നതിനിടെ പ്രതികൾ ബൈക്കിലെത്തി ഉപദ്രവിക്കുകയായിരുന്നുവെന്നാണ് 29-കാരിയായ ഹോം സ്റ്റേ ഉടമ നൽകിയ പരാതിയിൽ പറയുന്നത്. പെട്രോൾ എവിടെ കിട്ടുമെന്ന് ആദ്യം അന്വേഷിച്ച അവർ പിന്നീട് അവർ വിനോദ സഞ്ചാരികളിൽനിന്ന് 100 രൂപ ആവശ്യപ്പെട്ടു. പണം നൽകില്ലെന്ന് പറഞ്ഞപ്പോൾ വിനോദസഞ്ചാരികളെ ആക്രമിക്കുകയും ബലാത്സംഗം ചെയ്യുകയും ചെയ്തു. പിന്നീട് അവർ ബൈക്കിൽതന്നെ രക്ഷപ്പെട്ടുവെന്നും പരാതിയിൽ പറയുന്നുണ്ട്.

ഇസ്രയേൽ വനിതയും ഹോംസ്റ്റേ ഉടമയും ആശുപത്രിയിൽ സുഖം പ്രാപിച്ച് വരികയാണെന്നും ആവശ്യമെങ്കിൽ അവരെ സ്വകാര്യ ആശുപത്രിയിലേക്ക് മാറ്റുമെന്നും പോലീസ് വ്യക്തമാക്കി. പരാതിയുടെ അടിസ്ഥാനത്തിൽ കൂട്ടബലാത്സംഗം, കവർച്ച, കൊലപാതകം എന്നീ കുറ്റങ്ങൾ ചുമത്തി പോലീസ് കേസെടുത്തിട്ടുണ്ട്.

## ജോലിത്തിരക്ക്; ഇവിടെ തന്നെയുണ്ടെന്ന് മുകേഷ്, സിപിഎം സമ്മേളന വേദിയിൽ എത്തി



കൊല്ലം: കൊല്ലം എംഎൽഎയായ മുകേഷ് സിപിഎം സംസ്ഥാന സമ്മേളനത്തിന്റെ ഉദ്ഘാടന ദിവസം എത്താത്തത് സംബന്ധിച്ച് ചർച്ചകൾ ഉയർന്നിരുന്നു. ലൈംഗിക പീഡനക്കേസിൽ കുറ്റപത്രം സമർപ്പിച്ചതിന് പിന്നാലെ സി.പി.എം ജില്ലാ നേതൃത്വം എം.മുകേഷിന് പാർട്ടി പരിപാടികളിൽ പങ്കെടുക്കുന്നതിൽ നിന്നും അപ്രഖ്യാപിത വിലക്ക് ഏർപ്പെടുത്തിയെന്ന തരത്തിലാണ് വാർത്തകൾ വന്നത്. എന്നാൽ ഇപ്പോഴിതാ സമ്മേളന വേദിയിൽ എത്താത്തതിൽ വിശദീകരണം നൽകിയിരിക്കുകയാണ് മുകേഷ്.

ജോലിത്തിരക്ക് കാരണമാണ് സംസ്ഥാന സമ്മേളനത്തിന്റെ ഉദ്ഘാടന ദിവസം എത്താതിരുന്നതെന്ന് മുകേഷ് പറഞ്ഞു. പാർട്ടി അംഗമല്ലാത്തതിനാൽ സമ്മേളനത്തിന്റെ ഭാഗമാകാൻ പരിമിതികളുണ്ടായിരുന്നു. സമ്മേളനത്തിന്റെ ലോഗോ പ്രകാശനം ചെയ്യാൻ എത്തിയിരുന്നു. രണ്ട് ദിവസം ഇവിടെ ഇല്ലായിരുന്നു. മാദ്ധ്യമങ്ങളുടെ സ്നേഹത്തിനും കരുതലിനും നന്ദി. അടുത്ത മാസം എംഎൽഎമാരുടെ ടൂർ ഉണ്ട്. ആ സമയത്ത് കണ്ടില്ലെന്ന് പറയരുത്. ഇത്രയും ഗംഭീരമായി സമ്മേളനം നടക്കുന്നതിന് കൊല്ലത്തിന് അഭിമാനിക്കാം'– മുകേഷ് പറഞ്ഞു.

മുകേഷ് എവിടെയാണെന്ന് തിരക്കിയാൽ മതിയെന്നായിരുന്നു സംസ്ഥാന സമ്മേളനത്തിനോട് അനുബന്ധിച്ച് നടന്ന വാർത്താസമ്മേളനത്തിൽ സിപിഎം സംസ്ഥാന സെക്രട്ടറി എംവി ഗോവിന്ദൻ പറഞ്ഞത്. ആരൊക്കെ എവിടെയെന്ന് എനിക്ക് അറിയാമെന്നും അദ്ദേഹം പറഞ്ഞിരുന്നു. സമ്മേളനത്തിന്റെ അനുബന്ധ പരിപാടികൾ ആരംഭിക്കുന്നതിന് തൊട്ടു മുമ്പാണ് എം മുകേഷിനെതിരെ സിനിമാ മേഖലയിലെ ലൈംഗികാതിക്രമ പരാതികൾ അന്വേഷിക്കുന്ന പ്രത്യേക അന്വേഷണ സംഘം കുറ്റപത്രം സമർപ്പിച്ചത്. സംസ്ഥാന സമ്മേളനത്തിന്റെ പ്രചാരണ ബോർഡുകളിലും നോട്ടീസുകളിലും മുകേഷിന്റെ പേരും ചിത്രവും ഉപയോഗിച്ചിരുന്നില്ല.

പിതാവായ ഒ മാധവന്റെ പേരിൽ ആരംഭിച്ച പാലിയേറ്റീവ് കെയർ സെന്ററിന്റെ ഉദ്ഘാടനത്തിനൊഴികെ പൊതുപരിപാടികൾക്കും കുറ്റപത്രം സമർപ്പിച്ച ശേഷം മുകേഷ് കാര്യമായി പങ്കെടുത്തിട്ടില്ല. കഴിഞ്ഞ രണ്ട് നിയമസഭാ തിരഞ്ഞെടുപ്പിലും കൊല്ലം നിയമസഭാ മണ്ഡലത്തിൽ സിപിഎം ചിഹ്നത്തിൽ മത്സരിച്ചാണ് വിജയിച്ചതെങ്കിലും മുകേഷിന് ഇതുവരെ പാർട്ടി അംഗത്വം നൽകിയിട്ടില്ല.

## 'ദൈവം ഉണ്ട്', ഗണിത ഫോർമുലയിലൂടെ കണ്ടെത്തി പ്രശസ്ത ഹാർവാർഡ് ശാസ്ത്രജ്ഞൻ

കേംബ്രിഡ്ജ്: ഗണിതശാസ്ത്ര ഫോർമുല ഉപയോഗിച്ച് ദൈവത്തെ കണ്ടെത്താനാകുമെന്ന് ഹാർവാർഡ് ശാസ്ത്രജ്ഞൻ. ഹാർവാർഡിലും സ്മിത്ത്സോണിയൻ സെന്റർ ഫോർ ആസ്ട്രോഫിസിക്സിലും ഏറെ നാൾ ജോലി ചെയ്തിരുന്ന ആസ്ട്രോഫിസിസ്റ്റും എയറോസ്പേസ് എഞ്ചിനീയറുമായ ഡോ.വില്ലി സൂൺ ആണ് പുതിയ അവകാശവാദവുമായി രംഗത്തെത്തിയത്. ടക്കർ കാൾസൺ പോഡ്കാസ്റ്റിലൂടെയാണ് പ്രശസ്ത ശാസ്ത്രജ്ഞൻ തന്റെ ഫോർമുല അവതരിപ്പിച്ചത്. ദൈവത്തിന്റെ സാന്നിദ്ധ്യത്തിന് ഈ ഫോർമുല സുപ്രധാന തെളിവുകൾ നൽകുന്നുവെന്നാണ് വില്ലി സൂൺ വാദിക്കുന്നത്. 'സൂക്ഷ്മ ട്യൂണിംഗ് വാദം' (ഫൈൻ ട്യൂണിംഗ് ആർഗ്യുമെന്റ്) ആണ് വില്ലിയുടെ സിദ്ധാന്തത്തിന്റെ കാതൽ. പ്രപഞ്ചത്തിന്റെ ഭൗതിക നിയമങ്ങൾ ജീവൻ നിലനിർത്താൻ വളരെ കൃത്യമായി നിർണയിച്ചിരിക്കുന്നതിനാൽ അത് യാദൃശ്ചികമായി സംഭവിച്ചതാകില്ലെന്നാണ് സിദ്ധാന്തം വ്യക്തമാക്കുന്നത്.

## 'ഈഗോ മാറ്റിവെക്കണം, സാധാരണ മനുഷ്യരായ ഞങ്ങളെ മനസ്സിലാക്കണം'; ആശയറ്റ് ആശാവർക്കർമാർ

തിരു: വീടും കുടുംബവും വിട്ട് സെക്രട്ടറിയേറ്റിനു മുന്നിൽ സമരം തുടരുകയാണ് ആശാ വർക്കർമാർ. ദുരിതം നിറഞ്ഞ ജീവിതസാഹചര്യങ്ങളാണ് അവരെ സെക്രട്ടറിയേറ്റ് നടയിലെത്തിച്ചത്. നിലവിലുള്ള ഓണറേറിയം വർധിപ്പിക്കുക, പെൻഷൻ അനുവദിക്കുക, കുടിശ്ശികതുക നൽകുക എന്നിവയാണ് ആശമാരുടെ ആവശ്യങ്ങൾ. ഇത് അംഗീകരിക്കും വരെ സമരമെന്നാണ് അവരുടെ നിലപാട്.

എന്നാൽ വിഷയത്തിൽ പരിഹാരം കാണാതെ പരസ്പരം പഴിചാരുകയാണ് കേന്ദ്രവും സംസ്ഥാനവും. കേന്ദ്രവിഹിതം മുഴുവൻ നൽകിയെന്നും വീഴ്ച മറച്ചുവെയ്ക്കാൻ കേരളം കള്ളം പറയുകയാണെന്നും കേന്ദ്രസർക്കാർ പറയുമ്പോൾ കോബ്രാൻഡിങ് വിഹിതം നൽകാനാകില്ലെന്ന് കാണിച്ച് കേന്ദ്രമയച്ച കത്ത് പുറത്തുവിട്ടിരിക്കുകയാണ് സംസ്ഥാന സർക്കാർ.

കേന്ദ്രം പുറത്തുവിട്ട കണക്കുകൾ പ്രകാരം 2024-25 കാലഘട്ടത്തിൽ കേരളത്തിന് 913.24 കോടി രൂപയാണ് കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിൽ നിന്നുള്ള നീക്കിയിരിപ്പ് എന്നും സംസ്ഥാനത്തിന് ഇക്കാലയളവിൽ 938.80 കോടി രൂപ നൽകിക്കഴിഞ്ഞുവെന്നും വിശദീകരണത്തിൽ പറയുന്നു. നീക്കിയിരിപ്പിനേക്കാളും കൂടുതൽ പണം സംസ്ഥാനത്തിന് നൽകിക്കഴിഞ്ഞു എന്നാണ് കേന്ദ്രത്തിന്റെ വാദം.


### കോടതി പരസ്യം

ബഹു. ഇരിങ്ങാലക്കുട മുൻസിഫ് കോടതി മുമ്പാകെ

OS: 543/2024

കേരള ഗ്രാമീൺ ബാങ്ക് ആമ്പല്ലൂർ

-വാദി

1) മുകുന്ദപുരം താലൂക്ക് ആമ്പല്ലൂർ വില്ലേജ് പുതുക്കാട് പോസ്റ്റ് ചുണ്ടക്കത്തിൽ ദേവസ്സി മകൻ 48 വയസ് ഷാജു സി ഡി

2) മുകുന്ദപുരം താലൂക്ക് ആമ്പല്ലൂർ വില്ലേജ് പുതുക്കാട് പോസ്റ്റ് ചുണ്ടക്കത്തിൽ ദേവസ്സി മകൻ 43 വയസ് ജോഷി സി ഡി

-2, 5 പ്രതികൾ

വാദി നിങ്ങൾക്കെതിരെ ഈ കോർട്ടിൽ അന്യായം ബോധിപ്പിച്ചിരിക്കുന്നു. അതിനു മറുപടി ബോധിപ്പിക്കുവാനായി **2024 മാർച്ച് മാസം 26-ാം** തിയ്യതി പകൽ 11 മണിക്ക് ഈ കോർട്ട് മുമ്പാകെ താങ്കൾ ഹാജരാവുകയോ അല്ലെങ്കിൽ ക്രമപ്രകാരം അധികാരപ്പെടുത്തിയ പ്ലീഡർ മുഖാന്തരമോ ഹാജരായിരിക്കുകയും വേണം. അതിന് വ്യത്യാസം വരുത്തിയാൽ നിങ്ങളുടെ തർക്കത്തെ നിരാകരിക്കുവാനും നിങ്ങളെ കൂടാതെ വാദഗതികളെ നിശ്ചയപ്പെടുത്തുന്നതും അന്യായം വിചാരണ ചെയ്ത് തീർച്ചയാക്കുന്നതും ആകുന്നു.

എന്ന്, 04-03-2025

വാദിഭാഗം അഡ്വക്കേറ്റ്

**പി എം കിരൺ** (ഒപ്പ്)



### ഒന്നാം ചരമ വാർഷികം

(08–03–2025)



**ഡേവി സിലാസ്**

ചെറുമഠത്തിൽ വീട്, വില്ലടം

സ്നേഹസ്മരണകളോടെ......

ഭരണ സമിതി അംഗങ്ങൾ & ജീവനക്കാർ വിൽവട്ടം ടൗൺ കോ–ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ R 1336, വില്ലടം പി ഒ., രാമവർമ്മപുരം



### വേർപാടിന്റെ ഒന്നാം വർഷം

(08-03-2025)



ചെറുമഠത്തിൽ

**ഡേവി സിലാസ്**

വില്ലടം, തൃശ്ശൂർ

ജനനം: 10-11-1953

മരണം: 08-03-2024

സ്നേഹസ്മരണയോടെ ഭാര്യ : സീത ഡേവി

മക്കൾ: നിമ്മി ഡേവി, സിമ്മി ഡേവി, സാജൻ സിലാസ്

മരുമക്കൾ: സ്റ്റാലിൻ റ്റി ജോൺ (Late), രോഹിത്ത് റാവത്ത്, ആഷ്‌ലി ബോസ്

കൊച്ചുമക്കൾ: ജെറോം, ജെറോൾഡ്, ജോഹാൻ, ആരുഷ്, സെയ്റ

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4



# നെൽകർഷകരോട് എന്നും ക്രൂരമായ മനോഭാവം: തോമസ് ഉണ്ണിയാടൻ

മുരിയാട് :നെൽ കർഷകരോട് ഇടതുപക്ഷ സർക്കാരിന് ക്രൂരമനോഭാവമാണെന്ന് കേരള കോൺഗ്രസ് ഡെപ്യൂട്ടി ചെയർമാൻ തോമസ് ഉണ്ണിയാടൻ പറഞ്ഞു.നെൽ കർഷകർക്ക് പൊള്ളയായ വാഗ്ദാനം നൽകുക മാത്രമാണ് സർക്കാർ ചെയ്യുന്നത്.

സംഭരിക്കുന്ന നെല്ലിന് യഥാസമയം പണം നൽകുന്നില്ല, കേന്ദ്രസർക്കാർ നെല്ലിന് വില വർധിപ്പിക്കുമ്പോൾ അതനുസരിച്ചു വില വർദ്ധിപ്പിച്ചു നൽകാതെ സംസ്ഥാന സർക്കാരിന്റെ വിഹിതം ഓരോ വർഷവും കുറക്കുകയാണ്, ഇത് ക്രൂരതയാണ് സർക്കാർ കർഷകരിൽ നിന്നും സംഭരിക്കുന്ന നെല്ലിന് പ്രതിഫലം രൊക്കം പണമായി നൽകാതെ ലോണായി നൽകുന്നതും വിരോധാഭാസമാണ്. ഉണ്ണിയാടൻ ചൂണ്ടിക്കാട്ടി.നെൽ കർഷകരോട് സർക്കാർ കാണിക്കുന്ന അവഗണനക്കെതിരെ കേരള കോൺഗ്രസ് മുരിയാട് മണ്ഡലം കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച കർഷകക്കൂട്ടായ്മ ഉദ്ഘാടനം ചെയ്യുകയായിരുന്നു ഉണ്ണിയാടൻ. മണ്ഡലം പ്രസിഡന്റ് പോൾ നെ



രേപറമ്പിൽ അധ്യക്ഷത വഹിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി മിനി മോഹൻദാസ് മുഖ്യപ്രഭാഷണം നടത്തി.നിയോജകമണ്ഡലം പ്രസിഡന്റ് റോക്കി ആളൂക്കാരൻ, ജില്ലാ സെക്രട്ടറി സേതുമാധവൻ, തോമസ് ഇല്ലിക്കൽ, പോൾ ഇല്ലിക്കൽ, ജോൺസൻ ഇല്ലിക്കൽ, പ്രിൻസ് പോൾ, അന്തോണി കിഴക്കൂടൻ എന്നിവർ പ്രസംഗിച്ചു.കോൺഗ്രസ്നേതാക്കളായ റോയ് പൊറത്തൂക്കാരൻ, നിഷ അജയൻ എന്നിവർ കർഷകക്കൂട്ടായ്മക്ക് അഭിവാദ്യങ്ങൾ അർപ്പിച്ചു.

# ഇന്ന് അന്താരാഷ്ട്ര വനിതാ ദിനം

തൃശൂർ: ഇന്ന് അന്താരാഷ്ട്ര വനിതാ ദിനം. സമൂഹത്തിൽ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങളും വെല്ലുവിളികളും മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനായി സ്ത്രീശാക്തീകരണത്തിന് പ്രാധാന്യം കൊടുക്കുന്ന ദിനമാണ് വനിതാദിനം. 'ലിംഗസമത്വത്തിൽ പുതിയ കണ്ടുപിടിത്തങ്ങളുടെയും സാങ്കേതികവിദ്യയുടെയും സ്ഥാനം' എന്നതാണ് ഈ വർഷത്തെ അന്താരാഷ്ട്ര വനിതാ ദിനത്തിന്റെ തീം.

സ്ത്രീത്വത്തിന്റെ മഹത്തായ ആഘോഷമാണ് ഓരോ വനിതാദിനവും. ലോകമെമ്പാടുമുള്ള സ്ത്രീകളുടെ സാമൂഹിക സാമ്പത്തിക സാംസ്കാരിക നേട്ടങ്ങളെ ആദരിക്കുന്ന ദിനം. സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ അവസാനിപ്പിക്കുന്നതിൽ അവളെ ശാക്തീകരിക്കുന്നതിന്റെ അവൾ വിദ്യാഭ്യാസം ആർജിക്കുന്നതിന്റെ പ്രാധാന്യമെടുത്ത് പറയുന്ന ദിനം. സ്ത്രീകളോടുള്ള വിവേചനം അവസാനിപ്പിച്ച്, ലിംഗസമത്വവും ഉറപ്പാക്കുക എന്നതിനൊപ്പം സ്ത്രീയുടെ അവകാശങ്ങളെ കുറിച്ച് ബോധവൽക്കരിക്കുക എന്നതാണ് ദിനാചരണത്തിന്റെ മുഖ്യ ലക്ഷ്യം.

20-ാം നൂറ്റാണ്ടിന്റെ തുടക്കത്തിലുണ്ടായിരുന്ന യു.എസ് സോഷ്യലിസ്റ്റ് പ്രസ്ഥാനങ്ങളുമായും, തൊഴിലാളി പ്രസ്ഥാനങ്ങളുമായും ഇത് ബന്ധപ്പെട്ടിരിക്കുന്നു. സ്ത്രീകൾ മെച്ചപ്പെട്ട തൊഴിൽ സാഹചര്യങ്ങൾക്കും വോട്ടവകാശത്തിനും വേണ്ടി പോരാടിയിരുന്ന കാലമായിരുന്നു അത്. 1911-ൽ ഓസ്ട്രിയ, ഡെൻമാർക്ക്, ജർമനി, സ്വിറ്റ്സർലൻഡ് എന്നിവിടങ്ങളിലാണ് ആദ്യമായി അന്താരാഷ്ട്ര വനിതാ ദിനം ആചരിച്ചത്. സ്ത്രീകളുടെ അവകാശങ്ങൾക്കായി ശബ്ദമുയർത്തി ഒരു ദശലക്ഷത്തിലധികം ആളുകൾ അന്ന് അണിനിരന്നു.

അതിനു ശേഷം ഇത്തരമൊരു ദിനാചാരണത്തിന്റെ അർത്ഥവും വ്യാപ്തിയും കൂടുതൽ വർദ്ധിച്ചു. സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ മുതൽ ജോലിസ്ഥലത്തെ തുല്യത വരെയുള്ള വിഷയങ്ങൾ ഇന്ന് ചർച്ചയാകുന്നു. 1977-ലാണ് ആദ്യമായി യുഎൻ അന്താരാഷ്ട്ര വനിതാ ദിനം ഔദ്യോഗികമായി അംഗീകരിച്ചത്. വനിതകൾ തങ്ങളുടെ കരുത്തിന്റെ പിൻബലത്തിൽ എല്ലാ മേഖലകളിലും ഉയരങ്ങൾ കീഴടക്കിയിട്ടുണ്ടെങ്കിലും, ഇപ്പോഴും അവളെ പുരുഷന്റെ അടിമയായും പുരുഷ മേധാവിത്വം കാട്ടുന്നതിനുള്ള ഇടമായും കാണുന്നവർ സമൂഹത്തിലുണ്ട് എന്നത് അവരുടെ പ്രതീക്ഷകളെ കെടുത്തുന്നതാണ്.

ഉയരങ്ങളിൽ നിന്ന് കൂടുതൽ ഉയരങ്ങളിലേക്ക് എത്താൻ അവൾക്ക് കരുത്ത് പകരുന്നത് ആകട്ടെ ഈ ദിനം. പെൺകരുത്തിന്റെ കാഹളം മുഴങ്ങാൻ വരാനിരിക്കുന്ന നാളുകൾ അവളുടെത് കൂടിയായി മാറട്ടെ.



സൂപ്പർ ഇന്ത്യൻ ഫുട്ബോൾ താരം പത്മശ്രീ ഐ.എം.വിജയന് തൃശൂർ പൗരാവലി നൽകിയ സ്വീകരണ വേദിയിൽ ജെ.സി. ഐ തൃശൂർ സിറ്റി പ്രസിഡന്റ് ജോയ് തോമാസ് ഉപഹാരം സമർപ്പിക്കുന്നു

# ദേശീയ ശാസ്ത്ര ദിനാഘോഷം സെന്റ് ജോസഫ്സിൽ



ഇരിഞ്ഞാലക്കുട: ദേശീയ ശാസ്ത്ര ദിനം കേരള അക്കാദമി ഓഫ് സയൻസിന്റെ സഹകരണത്തോടെ ഇരിഞ്ഞാലക്കുട സെന്റ്.ജോസഫ് കോളേജിൽ സമുചിതമായി ആഘോഷിച്ചു. സെന്റർ ഓഫ് എക്സലൻസ് ഇൻ ന്യൂട്രസ്യൂട്ടിക്കൽസ് ചീഫ് സയന്റിസ്റ്റ് ഡോക്ടർ റൂബി ജോൺ ആന്റോ ദിനാചരണ പരിപാടികൾ ഉദ്ഘാടനം ചെയ്തു.


കോളേജ് പ്രിൻസിപ്പൽ സിസ്റ്റർ ബ്ലെസ്സി അധ്യക്ഷത വഹിച്ച ചടങ്ങിൽ പീച്ചി വനഗവേഷണ കേന്ദ്രം പ്രിൻസിപ്പൽ സയന്റിസ്റ്റ് ആർ ജയരാജ്,കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയിലെ പ്രൊഫസർ എ. വി. സന്തോഷ് കുമാർ എന്നിവർ അതിഥി പ്രഭാഷണങ്ങൾ നടത്തി. യോഗത്തിൽ ഫിസിക്സ് വിഭാഗം മേധാവി മധു സി. എ സ്വാഗതവും ബയോടെക്നോളജി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ രാജഗോപാൽ മുരളീധരൻ നന്ദിയും രേഖപ്പെടുത്തി. കൂടുതൽ വിവരങ്ങൾക്ക്: Dr Antony, Physics Department : 94474 18303

# പ്ലാസ്റ്റിക് നിരോധനം കർശനമാക്കി ഹൈക്കോടതി

തൃശൂർ: പ്ലാസ്റ്റിക് നിരോധനം കർശനമാക്കി ഹൈക്കോടതി. വിവാഹ സൽക്കാരങ്ങളിൽ പ്ലാസ്റ്റിക് വെള്ളക്കുപ്പികൾ ഒഴിവാക്കണമെന്നാണ് ഹൈക്കോടതിയുടെ നിർദേശം.പകരം ഗ്ലാസ് വെള്ളക്കുപ്പികൾ ഉപയോഗിക്കണമെന്നും ഡിവിഷൻ ബെഞ്ച് ചൂണ്ടിക്കാട്ടി. പുനരുപയോഗം ഇല്ലാത്ത പ്ലാസ്റ്റിക് ഒഴിവാക്കുന്നതിന് കർശന നടപടി വേണമെന്നും നിർദേശം .

100 പേരിൽ കൂടുതൽ പങ്കെടുക്കുന്ന ചടങ്ങിൽ പ്ലാസ്റ്റിക് ഉപയോഗത്തിന് ലൈസൻസ് നിർബന്ധമെന്നും കോടതി വ്യക്തമാക്കി.ലൈസൻസ് നൽകാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ചുമതല നൽകി. സത്കാര ചടങ്ങുകളിൽ അരലിറ്റർ വെള്ളക്കുപ്പികൾ ഉപയോഗിക്കുന്നതിന് നിരോധനമുണ്ടെന്ന് സർക്കാർ ഹൈക്കോടതിയെ അറിയിച്ചു. മലയോരമേഖലയിൽ പ്ലാസ്റ്റിക് നിരോധനം പരിഗണനയിൽ ആണെന്നും തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ഹൈക്കോടതിയിൽ വിശദീകരണം നൽകി.

വിഷയത്തിൽ റെയിൽവേയ്ക്കും ഹൈക്കോടതിയുടെ രൂക്ഷ വിമർശനം. ട്രാക്കുകൾ മാലിന്യമുക്തമായി സൂക്ഷിക്കാൻ റെയിൽവേയ്ക്ക് ബാധ്യതയുണ്ട്. ട്രാക്കുകളിൽ മാലിന്യം തള്ളാൻ റെയിൽവേ അനുവദിക്കരുത്. മാലിന്യം പൂർണമായി നീക്കണമെന്നും റെയിൽവേയോട് ഹൈക്കോടതി.



മുരിയാട് പഞ്ചായത്തിൽ ലഖ്പതി ദീദി സർവ്വേ അഴിമതിയിൽ വിജിലൻസ് അന്വേഷണം ആവശ്യപ്പെട്ട് കോൺഗ്രസ് മണ്ഡലം കമ്മിറ്റി നടത്തിയ ധർണ മുൻ കെ പി സി സി ജനറൽ സെക്രട്ടറി എം.പി.ജാക്സൺ ഉദ്ഘാടനം ചെയ്യുന്നു.

# ലഖ്പതി ദീദി സർവ്വേ; വിജിലൻസ് അന്വേഷണം വേണം: കോൺഗ്രസ്

മുരിയാട് :വൻ നേതാക്കളുടെ പാത പിന്തുടർന്ന് സി പി എമ്മിന്റെ ചെറു നേതാക്കളും അഴിമതിയിലൂടെ ലക്ഷങ്ങൾ സമ്പാദിക്കാനുള്ള ശ്രമമാണെന്ന് മുൻ കെ പി സി സി ജനറൽ സെക്രട്ടറി എം.പി.ജാക്സൺ പറഞ്ഞു. ഗ്രാമീണമേഖലയിലെ സാമ്പത്തിക പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന സ്ത്രീകൾക്ക് സാമ്പത്തിക ശാക്തീകരണം നടത്തുക ലക്ഷ്യമിട്ട് കേന്ദ്ര ഗ്രാമവികസന മന്ത്രാലയം നടപ്പിലാക്കുന്ന ലഖ്പതി - ദീദി സർവേ നടത്തുന്നതിനായി നിയമിച്ചിട്ടുള്ള സി ആർ പി മാരുടെ (കമ്മ്യൂണിറ്റി റിസോർസ് പേഴ്സൺ) യൂസർ ഐ ഡിയും പാസ്‌വേഡും ദുരുപയോഗം ചെയ്ത് സർവേക്കുള്ള പ്രതിഫലം തട്ടിയെടുക്കാൻ ശ്രമിക്കുന്ന പരാതിയിൽ വിജിലൻസ് അന്വേഷണം ആവശ്യപ്പെട്ട് കോൺഗ്രസ് മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ നടന്ന ധർണ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മുരിയാട് പഞ്ചായത്തിലെ കുടുംബശ്രീ സി ഡി എസിനെതിരെയാണ് സി ആർ പി മാരുടെ പരാതിയുള്ളത്. മൃഗസംരക്ഷണ വകുപ്പിലെ നിലവിലുള്ള ആർ പിമാരെയാണ് മുരിയാട് പഞ്ചായത്തിൽ ലഖ്പതി -ദീദി സർവേ നടത്തുന്നതിനായി നിയമിച്ചിട്ടുള്ളത്. സർവേയുടെ ചുമതലയുള്ള കുടുംബശ്രീ മിഷൻ സർവ്വേ നടത്തുന്നതിന് ആർ പി മാരുടെ പേരിൽ യൂസർ ഐ ഡിയും പാസ്‌വേഡും നിർമ്മിക്കുകയും സർവേ നടത്താൻ നിർദേശം നൽകുകയും ചെയ്തു. എന്നാൽ സർവേ നടത്തുന്നത് പിന്നീട് മതിയെന്ന് നിർദേശം ലഭിച്ചതിനെ തുടർന്ന് ആർ പി മാർ സർവേ ആരംഭിച്ചിരുന്നില്ല. എന്നാൽ പിന്നീട് സർവ്വേ ചെയ്തതിന്റെ പ്രതിഫലത്തുക ഡിപ്പാർട്മെന്റിനോടാവശ്യപ്പെടാനും ഈ തുക കുടംബശ്രീ സി ഡി എസ് മെമ്പർമാർക്ക് കൈമാറാനും സി ഡി എസ് ചെയർപേഴ്സണും ബ്ളോക് കോ ഓർഡിനേറ്ററും ആവശ്യപ്പെടുകയായിരുന്നു. എന്നാൽ തങ്ങൾ ഈ സർവേ നടത്തിയിട്ടില്ലെന്ന് അറിയിച്ചപ്പോൾ തങ്ങളുടെ ഐ ഡിയും പാസ്‌വേഡും ഉപയോഗിച്ച് കുടുംബശ്രീക്കാർ സർവ്വേ നടത്തിയെന്നും ആയതിനാൽ പണം അവർക്ക് കൈമാറണമെന്ന നിർദേശമാണ് ലഭിച്ചതെന്ന് പരാതിയിൽ പറയുന്നു.മണ്ഡലം പ്രസിഡന്റ് സാജു പാറേക്കാടൻ അധ്യക്ഷത വഹിച്ചു.

മഹിളാ കോൺഗ്രസ് സംസ്ഥാന ജനറൽ സെക്രട്ടറി രാജലക്ഷ്മി കുറുമത്ത്, ബ്ളോക് പ്രസിഡന്റ് സോമൻ ചിറ്റേത്ത്, വൈസ് പ്രസിഡന്റുമാരായ തോമസ് തത്തംപിള്ളി, ശ്രീജിത്ത് പട്ടത്ത്, സെക്രട്ടറിമാരായ എം. എൻ.രമേശ്, ജോമി ജോൺ, ലിജോ മഞ്ഞളി, വിബിൻ വെള്ളയത്ത്, യൂത്ത് കോൺഗ്രസ്സ് മണ്ഡലം പ്രസിഡന്റ് ജസ്റ്റിൻ ജോർജ്, പഞ്ചായത്തംഗങ്ങളായ സേവ്യർ ആളൂക്കാരൻ, നിത അർജുനൻ എന്നിവർ പ്രസംഗിച്ചു.

# ആത്മ നിർവൃതിയിൽ റമളാനിലെ ആദ്യ വെള്ളിയാഴ്ച



തൃശൂർ : വിശുദ്ധ റമളാനിലെ ആധ്യത്തെ വെള്ളിയാഴ്ച ആത്മ നി വൃതിയിയിലാണ്ട് വിശ്വാസികൾ. മുല്ലക്കര മുസ്ലിം മഹല്ല് ജമാഅത്തിൽ നടന്ന ജുമുആ ഖുതുബക്കും നിസ്കാരത്തിനും മഹല്ല് ഖത്വീബ് കബീർ നിസാമി നേതൃത്വം നൽകി. നൂറ് കണക്കിന് വിശ്വാസികൾ പങ്കെടുത്തു. നിസ്കാരാനന്തരം ദുആ മജ്‌ലിസും നടന്നു

# പരീക്ഷ കഴിഞ്ഞുള്ള ആഘോഷം വേണ്ട, സ്കൂളുകളിൽ കുട്ടികളുടെ ആഘോഷ പരിപാടികൾക്ക് വിലക്ക്

തൃശൂർ: എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷയുടെ അവസാന ദിവസം സ്കൂളുകളിലെ കുട്ടികളുടെ ആഘോഷ പരിപാടികൾ വിലക്കി പൊതുവിദ്യാഭ്യാസ വകുപ്പ്.കാസർകോട് പത്താം ക്ലാസ് യാത്രയയപ്പ് ചടങ്ങിൽ വിദ്യാർത്ഥികൾ കഞ്ചാവ് ഉപയോഗിച്ച് പങ്കെടുത്തതും താമരശേരിയിൽ സംഘർഷത്തിൽ പത്താം ക്ലാസ് വിദ്യാർത്ഥി മരിച്ചതും കണക്കിലെടുത്താണിത്. കഴിഞ്ഞ ദിവസം പൊതുവിദ്യാഭ്യാസ ഡയറക്ടർ എസ്.ഷാനവാസിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലാണ് തീരുമാനമെടുത്തത്.

ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും ഹയർസെക്കൻഡറി ഡെപ്യൂട്ടി ഡയറക്ടർമാർക്കും നിർദ്ദേശം അയയ്ക്കും.

അവസാന പരീക്ഷ കഴിഞ്ഞ് ക്യാമ്പസിൽ വിദ്യാർത്ഥികൾ ഹോളി മോഡൽ ആഘോഷവും ചെണ്ടമേളവും മറ്റുമായി വിടപറച്ചിൽ നടത്തുന്നത് പലപ്പോഴും സംഘർഷത്തിലെത്തും. പരീക്ഷ കഴിഞ്ഞയുടൻ കുട്ടികൾ വീട്ടിലേക്ക് മടങ്ങണമെന്ന് സ്കൂൾ മാനേജ്മെന്റുകൾ കർശന നിർദ്ദേശം നൽകണം. വീട്ടിൽ പതിവുസമയത്ത് എത്തുന്നുണ്ടോയെന്ന് രക്ഷകർത്താക്കൾ ശ്രദ്ധിക്കണം.

ചില വിദ്യാർത്ഥികൾ സ്കൂൾ ടോയ്‌ലെറ്റുകളിലിരുന്ന് മദ്യപിക്കുകയും പുകവലിക്കുകയും നിരോധിത പുകയില ഉത്പന്നങ്ങൾ ഉപയോഗിക്കുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിനാൽ പരീക്ഷ കഴിഞ്ഞ് ഇവിടേക്ക് പ്രവേശിക്കാൻ അനുവദിക്കില്ല.

അവസാന പരീക്ഷ കഴിഞ്ഞാൽ ക്യാമ്പസിൽ കുട്ടികൾ നിൽക്കാൻ പാടില്ല. തീരുമാനം കർശനമായി നടപ്പിലാക്കണമെന്നും പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ എസ്. ഷാനവാസ് അറിയിച്ചു.

# തൃശൂർ മഹാരാജാസ് ടെക്നോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വനിത ദിനാഘോഷം



തൃശൂർ: മഹാരാജാസ് ടെക്നോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ കോളേജ് യൂണിയന്റെയും, തൃശൂർ നെഹ്റു യുവകേന്ദ്രയുടെയും, കരുണം ഫൗണ്ടേഷന്റെയും സംയുക്ത ആഭിമുഖ്യത്തിൽ വനിത ദിനാഘോഷം ഫ്രീ ടു ഫ്ലൈയും, സെൻസികെയറിന്റെ സഹായത്താൽ മെൻസ്ട്രുൽ കപ്പ് ബോധവത്ക്കരണ ക്ലാസും, വിതരണവും സംഘടിപ്പിച്ചു.

കോളേജ് പ്രിൻസിപ്പാൾ എം.ജെ.ബിജു ഉദ്ഘാടനം നിർവഹിച്ചു. യൂണിയൻ ചെയർമാൻ എം.എ.അധിനൻ അദ്ധ്യക്ഷത വഹിച്ചു.

പ്രമുഖ ഗൈനക്കോളജിസ്റ്റ് ഡോ.നിജി ജെസ്റ്റിൻ ക്ലാസുകൾ നയിച്ചു. ജില്ല യൂത്ത് ഓഫീസർ സി.ബിൻസി, കരുണം ഫൗണ്ടേഷൻ ചെയർമാൻ ജെൻസൻ ജോസ് കാക്കശ്ശേരി, ടി.ഷിജു വർഗ്ഗീസ്, മന്ദീപ് വാര്യർ, അനുശ്രീ എൻ.ബാബു എന്നിവർ പ്രസംഗിച്ചു. ചടങ്ങിൽ വിദ്യാർത്ഥികൾക്ക് സെൻസികെയർ ട്രു കപ്പ് സൗജന്യമായി വിതരണം ചെയ്തു.

# കോ-ഓർഡിനേറ്റർ ഒഴിവ്

തൃശൂർ : കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറേറ്റിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ അഗ്രികൾച്ചറൽ ടെക്നോളജി മാനേജ്മെന്റ് ഏജൻസി (ആത്മ) പ്രോഗ്രാമിന് കീഴിൽ കരാർ അടിസ്ഥാനത്തിൽ സ്റ്റേറ്റ് കോർഡിനേറ്റർ ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു. കാർഷിക വിജ്ഞാന വ്യാപനം, അഗ്രോണമി, ഹോർട്ടികൾച്ചർ, സോയിൽ സയൻസ്, കാർഷിക സാമ്പത്തികശാസ്ത്രം, ഫിഷറീസ്, മറ്റ് അനുബന്ധ മേഖലകളിലെ ഡോക്ടറേറ്റ് അല്ലെങ്കിൽ ബിരുദാനന്തര ബിരുദം ആണ് യോഗ്യത. ഡോക്ടറേറ്റ് ഡിഗ്രി ഉള്ളവർക്ക് കോഓർഡിനേഷൻ, ആസൂത്രണം എന്നിവയിൽ കുറഞ്ഞത് 10 വർഷത്തെ പ്രവൃത്തി പരിചയവും ബിരുദാനന്തര ബിരുദം ഉള്ളവർക്ക് 20 വർഷത്തെ പ്രവൃത്തി പരിചയവും ആവശ്യമാണ്. സർക്കാർ മേഖലയിലെ സേവന പരിചയം അഭിലഷണീയം. താൽപ്പര്യമുള്ള ഉദ്യോഗാർത്ഥികൾ വിശദമായ ബയോഡാറ്റ സഹിതം മാർച്ച് 20നകം ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം 695033 എന്ന മേൽവിലാസത്തിലും nodalatmakerala@gmail.com എന്ന ഇ-മെയിൽ ഐഡിയിലേക്കും അപേക്ഷ സമർപ്പിക്കണം. 58 വയസ്സിൽ താഴെ ഉള്ള അപേക്ഷകർക്ക് മുൻഗണന. യോഗ്യതയുള്ള ഉദ്യോഗാർത്ഥിയെ ഇന്റർവ്യൂവിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കും.

# 4 ലിറ്റർ ചാരായം, 3.750 ലിറ്റർ അന്യസംസ്ഥാന മദ്യം, 2 ലിറ്റർ ഐഎംഎഫ്എൽ എന്നിവ പിടികൂടി



തൃശ്ശൂർ: എക്സൈസ് എൻഫോഴ്സ്മെന്റ് & ആന്റി നർകോട്ടിക് സ്പെഷ്യൽ സ്‌ക്വാഡിലെ സി ഐ റോയ് വി ജെയ്ക്കു കിട്ടിയ രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ (Gr) കെ കെവത്സനും പാർട്ടിയും ചേർന്ന് തൃശൂർ താലൂക്ക്, മന്ദാമംഗലം വില്ലേജ്,മന്ദാമംഗലം ദേശത്തു വെച്ച് വില്പനക്കായി സൂക്ഷിച്ച 4 ലിറ്റർ ചാരായം, 3.750 ലിറ്റർ അന്യസംസ്ഥാന മദ്യം, 2.ലിറ്റർ IMFL എന്നിവ കൈവശം വെച്ച കുറ്റത്തിന് തൃശൂർ താലൂക്ക് മന്ദാമംഗലം വില്ലേജ് മന്ദാമംഗലം ദേശത്ത് കുന്നുംപുറം വീട്ടിൽ യാശോധരൻ മകൻ നിഷിൽരാജ് എന്നയാളെ നിയമപരമായി



അറസ്റ്റ് ചെയ്തു കേസ് എടുത്തിട്ടുള്ളതാണ്. പാർട്ടിയിൽ പ്രിന്റ് ഓഫീസർ (ഗ്രേഡ്) വി എസ് സുരേഷ് കുമാർ, എ ടി ഷാജു, സിവിൽ എക്സൈസ് ഓഫീസർ തൗഫീഖ്, ഡബ്ലിയു സി ഒ ചിഞ്ചു പോൾ, ഡ്രൈവർ സംഗീത് എന്നിവരും ഉണ്ടായിരുന്നു.

## കോടതി പരസ്യം

ബഹു. ഒറ്റപ്പാലം MACT മുമ്പാകെ

OP(MV): 35/2023
IA: 1/2024, IA: 1/2025

Oriental Insurance Co. Ltd. -ഹരജിക്കാരൻ/R3

Asharafali and others - എതൃകക്ഷികൾ/R1, R2

1) Asharafali, S/o. Ali, Arapurathodi Veedu, Kulambil Kundil, Kayiliad-Pin: 679122

2) Aboobacker, S/o. Ali, Arapurathodi Veedu, Kulambil Kundil, Chalavara, Near ALP School, Pin: 679122

മേൽ നമ്പ്രിലെ എതൃകക്ഷികൾക്കുള്ള സമൻസ് കല്പന പത്രത്തിൽ പരസ്യം ചെയ്യാൻ കല്പിച്ച് കേസ് **23-04-2025** തിയ്യതിക്ക് വെച്ചിരിക്കുന്നു. അന്നേതിയ്യതി താങ്കളോ താങ്കളുടെ പ്രതിനിധിയോ കോടതിയിൽ ഹാജരാവാത്തപക്ഷം താങ്കളെ എക്സ് പാർട്ടിയാക്കി ഓർഡർ കല്പിക്കുന്നതാണ്.

എന്ന്, 6-03-2025
ഹരജി ഭാഗം അഡ്വക്കെറ്റ്
**സി. നാരായണൻനായർ**
ഒറ്റപ്പാലം (ഒപ്പ്)

## CHEMBAKASSERY GOLD LOAN

Main Road, IRINJALAKUDA
Phone No : 8893388884

### സ്വർണ്ണപണയ ലേല വിൽപ്പന നോട്ടീസ്

സ്ഥാപനത്തിൽ നിന്ന് GL 2023/111-ാം നമ്പ്രായി (22-11-2023ന് സാരിമാല 40.97 ഗ്രാം, 202500 രൂപ), GL 2023/136-ാം നമ്പ്രായി (07-12-2023ന് വള 9.220 ഗ്രാം, 37,000 രൂപ), GL 2023/140-ാം നമ്പ്രായി (08-12-2023ന് താലി 2.300 ഗ്രാം, 9,000 രൂപ), കെ വി ഉണ്ണികൃഷ്ണൻ, കോച്ചേരി ഹൗസ്, കോമ്പാറ, ചേലമ്പാടം, പിൻ-680123, ഫോൺ: 9349971587 എന്നയാൾ പണയം വെച്ച ഉരുപ്പടികളുടെ കാലാവധി കഴിഞ്ഞതിനുശേഷം നോട്ടീസ് അയച്ചത് കൈപ്പറ്റിയിട്ടും എടുത്തുകൊണ്ടുപോകാത്തതിനാൽ **24-3-2025** -ാം തിയ്യതി ഉച്ചതിരിഞ്ഞ് 3 മണിക്ക് സ്ഥാപനത്തിൽ വെച്ച് പരസ്യമായി ലേലവില്പന നടത്തുന്നതാണെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു. ഉരുപ്പടിയുടെ വിശദാംശങ്ങളും ലേലവ്യവസ്ഥകളും സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാകുന്നു. ഏതെങ്കിലും കാരണവശാൽ ലേലം നീട്ടിവയ്ക്കാനും നിർത്തിവയ്ക്കാനും സ്ഥാപനത്തിന് പൂർണ അധികാരം ഉണ്ടായിരിക്കുന്നതാണ്.

ഇരിങ്ങാലക്കുട,
08-03-2025.

എന്ന്,
ചെമ്പകശ്ശേരി ഗോൾഡ് ലോണിനുവേണ്ടി
**ജോസ് സി ഡി**
(മാനേജിംഗ് പാർട്ടണർ)

## കോടതി പരസ്യം

ബഹു. ഒറ്റപ്പാലം MACT മുമ്പാകെ

OP(MV): 120/2024

വാസുദേവൻ -ഹരജിക്കാരൻ

രവി പി S/o. നാരായണൻ, പുളിക്കപറമ്പിൽ പൗസ്, ഷൊർണ്ണൂർ പി ഒ., പാലക്കാട് ജില്ല, പിൻ-679121 -2-ാം എതൃകക്ഷി

മേൽ നമ്പ്രിൽ 2-ാം എതൃകക്ഷിക്കെതിരെയുള്ള നോട്ടീസ് പതിച്ചുനടത്താൻ കല്പിച്ച് കേസ് **08-05-2025** തിയ്യതിക്ക് വെച്ചിരിക്കുന്നു.

എന്ന്, 6-03-2025
ഹരജി ഭാഗം അഡ്വക്കെറ്റ്
**സാജിത പി എ**
(ഒപ്പ്)

